**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 392** **09.02.2016-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ്.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കോഴിക്കോട് നഗരാതിർത്തിയിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് നടത്തുവാനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് കോർപ്പറേഷനിലാണോ ഇലക്ട്രിസിറ്റി ബോർഡിലാണോ ; വിശദമാക്കാമോ ; | (എ) | ഇലക്ട്രിസിറ്റി സപ്ലൈകോഡ്-2014, റഗുലേഷൻ 102 (4) പ്രകാരം തെരുവു വിളക്കുകളുടെ പരിപാലനം അതാത് പ്രാദേശിക ഭരണകൂടത്തിൽ നിക്ഷിപ്തമാണ്. എന്നാൽ കോഴിക്കോട് കോർപ്പറേഷനിൽ തെരുവു വിളക്കുകളുടെ മീറ്ററിംഗ് സംവിധാനം ആരംഭിക്കാനാവാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥന മാനിച്ച് ട്യൂബ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ ലേബർ ചാർജ്ജ് ഈടാക്കി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തി വരുന്നു. |
| (ബി) | കോർപ്പറേഷൻ അതിർത്തിയിൽ നിലവിൽ എത്ര സ്ട്രീററ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട് ; ഹൈമാസ്റ്റുകൾ എത്ര ; | (ബി) | 25589 എണ്ണം. ഹൈമാസ്റ്റ് ലൈറ്റുകൾ - 28 എണ്ണം. |
| (സി) | പ്രതിവർഷം ശരാശരി എത്ര തുക വൈദ്യുതി ചാർജ്, ബൾബ്/ ട്യൂബുകൾ തുടങ്ങിയ ഇനത്തിൽ ചെലവ് വരുന്നുണ്ട് ; | (സി) | കറണ്ട് ചാർജ്ജ് ഇനത്തിൽ മാത്രം പ്രതിവർഷം 3,47,58,196/- രൂപ ബില്ലിംഗ് ചെയ്തു വരുന്നു. ബൾബ്/ട്യൂബുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും ശേഖരിച്ചു വരുന്നു. |
| (ഡി) | മെയിന്റനൻസ് സംബന്ധമായി ബോർഡും കോർപ്പറേഷനും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (ഡി) | കോർപ്പറേഷൻ മേയറുടെ അഭ്യർത്ഥന പ്രകാരം വർക്ക് ഡിപ്പോസിറ്റ് സ്കീമിൽ തുക അടയ്ക്കുന്നതിനനുസരിച്ചാണ് സിംഗിൾ ട്യൂബുകളുടെയും, ഡബിൾ ട്യൂബുകളുടെയും അറ്റകുറ്റപ്പണികൾ കോർപ്പറേഷൻ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയ്തു വരുന്നത്. |

**സെക്ഷൻ ഓഫീസർ.**